**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2217</u>** **<u>03-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>നെല്ല് സംഭരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നെല്ല് സംഭരണം കൃത്യമായി നടക്കാത്തതു മൂലം സംസ്ഥാനത്തെ നെൽകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | നെല്ലുസംഭരണം സംസ്ഥാനത്ത് കാര്യക്ഷമമായി നടന്നുവരുന്നു. ഫീൽഡ്തലത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഫീൽഡ്തല ഉദ്യോഗസ്ഥർ അപ്പപ്പോൾ പരിഹാരം കാണാറുണ്ട്. നെല്ല് സംഭരണ പദ്ധതിയിൽ പങ്കാളികളാകുവാൻ താത്പര്യമുള്ള കർഷകർ കൊയ്ത്തിനുമുൻപായി www.supplycopaddy.in എന്ന നെല്ല് സംഭരണ വെബ്സൈറ്റ് വഴി സപ്ലൈകോയിൽ സമയബന്ധിതമായി രജിസ്റ്റർ ചെയ്യുന്നതുവഴി ടി കർഷകരുടെ പാടശേഖരങ്ങളിലെ കൊയ്ത്ത് ആരംഭിക്കുന്നമുറയ്ക്ക് തന്നെ നെല്ലെടുക്കാൻ നിയോഗിക്കപ്പെട്ട മില്ലുകൾ മുഖാന്തിരം സപ്ലൈകോ നെല്ല് സമയബന്ധിതമായി സംഭരിക്കുകയും ചെയ്യുന്നു. കേരളത്തിൽ പ്രവർത്തിക്കുന്ന 57 മില്ലുകളുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് നെല്ല് സംഭരണം സുഗമമായും കാര്യക്ഷമമായും സമയബന്ധിതമായും സപ്ലൈകോ നടത്തിവരുന്നു. നെല്ല് സംഭരണത്തിൽ പങ്കെടുക്കുന്ന കർഷകർക്ക് വേണ്ടതായ എല്ലാ സൗകര്യങ്ങളും എല്ലാ വർഷങ്ങളിലും നെല്ല് സംഭരണ സീസൺ ആരംഭിക്കുന്ന സമയത്ത് സർക്കാരിന്റെ നെല്ല് സംഭരണ ഏജൻസി എന്ന നിലയിൽ സമയബന്ധിതമായി സപ്ലൈകോ സജ്ജമാക്കാറുണ്ട്. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശങ്ങൾ എല്ലാം പാലിച്ചുകൊണ്ട് 2024-25 സീസണിലും കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുന്നതിന് വേണ്ടതായ എല്ലാ സൗകര്യങ്ങളും സപ്ലൈകോ മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നെല്ലിന്റെ താങ്ങ് വിലയായി ഇപ്പോൾ എന്ത് തുകയാണ് നിശ്ചയിച്ചിരിക്കുന്നത്; ഇന്നത്തെ സാഹചര്യത്തിൽ പ്രസ്തുത വില തൃപ്തികരമാണോ; കേന്ദ്രം നെല്ലിന്റെ വില വർദ്ധിപ്പിച്ചപ്പോൾ സംസ്ഥാനം നെല്ലിന്റെ വില കുറച്ചിട്ടുണ്ടോ; | (ബി) | നെല്ല് സംഭരണത്തിന്റെ അടിസ്ഥാന താങ്ങുവില എല്ലാ സീസണുകളിലും അഗ്രിക്കൾച്ചർ പ്രൈസ് കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരാണ് പ്രഖ്യാപിക്കുന്നത്. ഇതോടൊപ്പം സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസ് കൂടി ചേർത്താണ് സംഭരണ വില സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്നത്. നിലവിൽ അടിസ്ഥാന താങ്ങുവിലയിനത്തിൽ (2024-25) കിലോ ഗ്രാമിന് 23 രൂപയും സംസ്ഥാനസർക്കാർ വിഹിതമായി 5.2 രൂപയും ചേർത്ത് 02.12.2024ലെ സ.ഉ.(കൈ)നം.18/2024/ഭ.പൊ.വി.വ. പ്രകാരം 28.20 രൂപയായി നിശ്ചയിച്ചിട്ടുള്ളതും (അനുബന്ധമായി ചേർക്കുന്നു) അപ്രകാരം കൈകാര്യചിലവിനത്തിൽ 12 പൈസ ഉൾപ്പെടെ കർഷകർക്ക് നെല്ലിന്റെ വിലയായി കിലോ ഗ്രാമിന് 28.32 രൂപ നൽകിവരുന്നു. (മുൻവർഷങ്ങളിലെ കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.) |
| (സി) | നെല്ലിന്റെ വില യഥാസമയം കർഷകർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; 2024-25 സാമ്പത്തിക വർഷം നെല്ല് സംഭരിച്ച ഇനത്തിൽ കുടിശ്ശിക തുക എത്ര; ഇനി എത്ര കർഷകർക്ക് സംഭരിച്ച നെല്ലിന്റെ വില നൽകുവാനുണ്ടെന്നറിയിക്കാമോ; | (സി) | പരിശോധിച്ചിട്ടുണ്ട്. സപ്ലൈകോ നെല്ല് സംഭരിക്കുന്നത് സാമ്പത്തിക വർഷം അടിസ്ഥാനമാക്കിയല്ല. നെല്ല് സംഭരണ സീസണിന്റെ അടിസ്ഥാനത്തിലാണ്. 2024-25 സീസണിലെ നെല്ല് സംഭരണം കാര്യക്ഷമമായി നടന്നുവരുന്നു. 2024-25 സീസണിൽ 20.02.2025 തീയതിവരെ 64,715 കർഷകരിൽ നിന്ന് 1.61 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ആയതിന്റെ വില 456.05 കോടി രൂപയാണ്. ടി തുകയിൽ 44,179 കർഷകർക്ക് 314.48 കോടി രൂപ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 20,536 കർഷകർക്ക് 141.57 കോടി രൂപ നൽകുവാനുണ്ട്. |
| (ഡി) | 2024-25 സാമ്പത്തിക വർഷം കേന്ദ്ര സഹായമായി എന്ത് തുക നെല്ല് സംഭരണത്തിനായി ലഭിച്ചുവെന്നറിയിക്കാമോ; | (ഡി) | കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് അരിയാക്കി കൈമാറിയ ഇനത്തിൽ ഈ സാമ്പത്തിക വർഷം 936.47 കോടി ക്ലെയിം സമർപ്പിച്ചതിൽ 879.93 കോടി രൂപ അനുവദിക്കുകയും 56.54 കോടി രൂപ ബാക്കി ലഭിക്കാനുള്ളതുമാണ്. |
| (ഇ) | യഥാസമയം കർഷകർക്ക് നെല്ലിന്റെ വില ലഭ്യമാക്കുന്നതിനു വേണ്ടി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; നെല്ല് സംഭരണം നടത്തിയ വകയിൽ സപ്ലൈക്കോയ്ക്ക് ഉണ്ടായിരിക്കുന്ന നഷ്ടം എത്രയെന്ന് വിശദീകരിക്കാമോ? | (ഇ) | **തൽക്കാലം ഇക്കാര്യം പരിഗണനയിലില്ല. സംഭരിക്കുന്ന നെല്ലിന്റെ വില കർഷകർക്ക് സമയബന്ധിതമായി നൽകുന്നതിനായി സർക്കാർ അനുമതിയോടെ കൺസോർഷ്യം ബാങ്കുകളിൽ നിന്നും കേരളാ ബാങ്കിൽ നിന്നും സപ്ലൈകോ PRS വായ്പ ലഭ്യമാക്കിയിട്ടുള്ളതാണ്. നെല്ലുസംഭരണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽനിന്നും 958.43 കോടി രൂപയും സംസ്ഥാന സർക്കാരിൽനിന്നും 853.31** |

| | | | |
|---|---|---|---|
| | | | **കോടി രൂപയും മുൻകാല കുടിശ്ശികയായി സപ്ലൈകോയ്ക്ക് ലഭിക്കാനുണ്ട്.** |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ-പൊതുവിതരണ വകുപ്പ് - സപ്ലൈകോ വഴി സംഭരിക്കുന്ന നെല്ലിന്റെ സംഭരണവില നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ-പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(കൈ) നം.18/2024/F&CS തീയതി,തിരുവനന്തപുരം, 02-12-2024

---

പരാമർശം:- സ.ഉ.(കൈ) നം.16/2023/ഭ.പൊ.വി.വ. തീയതി 17.12.2023

**ഉത്തരവ്**

സംസ്ഥാനത്ത് സുസ്ഥിരമായ നെൽകൃഷി ഉറപ്പാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി, കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്, കേന്ദ്രസർക്കാർ വിഹിതവും സംസ്ഥാന പ്രോത്സാഹന ബോണസും ചേർത്ത് 2024-25 സീസണിൽ നെല്ലിന്റെ സംഭരണവില കിലോഗ്രാമിന് 28.20 രൂപയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിങ് ഡയറക്ടർ, സപ്ലൈകോ
കൃഷി ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്, തിരുവനന്തപുരം.
കൃഷിവകുപ്പ് /ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഭപൊ.വി.വ-സി/84/2024 ഭ.പൊ.വ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ പി.എസ്സിന്
കൃഷിമന്ത്രിയുടെ പി.എസ്സിന്
ഭക്ഷ്യ-പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.
ഭക്ഷ്യ-പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

## അനുബന്ധം

| Season (KMS) | കേന്ദ്ര വിഹിതം (MSP) (Rs/kg) | സംസ്ഥാന വിഹിതം (SIB) (Rs/kg) | സംഭരണ വില (Rs/kg) | കൈകാര്യ ചിലവ് (Rs/kg) | കർഷകന് നൽകുന്ന നെല്ലിന്റെ വില (Rs/kg) |
|---|---|---|---|---|---|
| 2021-22 | 19.4 | 8.6 | 28 | 0.12 | 28.12 |
| 2022-23 | 20.4 | 7.8 | 28.2 | 0.12 | 28.32 |
| 2023-24 | 21.83 | 6.37 | 28.2 | 0.12 | 28.32 |
| 2024-25 | 23.00 | 5.2 | 28.2 | 0.12 | 28.32 |